"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിൽ ഒല്ലൂക്കര വില്ലേജിൽ ശ്രീ.വിജയകുമാർ, ശ്രീമതി ശോഭ വിജയകുമാർ എന്നിവരുടെ ഉടമസ്ഥതയിലും കരം തീരുവയിലും ഇരിക്കുന്ന 6.2164 ഹെക്ടർ ഭൂമി ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വിലയ്ക്ക് വാങ്ങി വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷന് കൈമാറുന്നതിന് തൃശ്ശൂർ കോർപ്പറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**G.O.(Rt)No.111/2020/LSGD തീയതി,തിരുവനന്തപുരം, 13/01/2020**

---

പരാമർശം:- 1. 11.0.2018- ലെ സ.ഉ (കൈ)82/2018/തസ്വഭവ നമ്പർ ഉത്തരവ്

2. തൃശ്ശൂർ ജില്ലാ കളക്ടറുടെ 23.11.2019-ലെ DCTSR/1890/2018-C4 നമ്പർ കത്ത്

3. കെ.എസ്.ഐ.ഡി.സി മാനേജിങ് ഡയറക്ടറുടെ 24.12.2019-ലെ KSIDC/TVM/WtE/2019/2274 നമ്പർ കത്ത്

4. മാലിന്യ സംസ്കരണം സംബന്ധിച്ച സംസ്ഥാന തല ഉപദേശക സമിതിയുടെ 28.12.2019-ൽ ചേർന്ന മുപ്പത്തിരണ്ടാമത് യോഗത്തിലെ തീരുമാനം

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ ലാലൂരിൽ തൃശ്ശൂർ കോർപറേഷന്റെ കൈവശമുള്ള 15 ഏക്കർ ഭൂമി വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി കെ.എസ്.ഐ.ഡി.സി-യ്ക്ക് കൈമാറുന്നതിന് കോർപറേഷന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ലാലൂരിൽ തൃശ്ശൂർ കോർപറേഷന്റെ കൈവശമുള്ള പ്രസ്തുത ഭൂമിയിൽ സ്പോർട് സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി തീരുമാനിച്ച സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിൽ വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് പ്രാഥമിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ള തൃശ്ശൂർ താലൂക്കിൽ ഒല്ലൂക്കര വില്ലേജിൽ ശ്രീ.വിജയകുമാർ, ശ്രീമതി ശോഭ വിജയകുമാർ എന്നിവരുടെ ഉടമസ്ഥതയിലും കരം തീരുവയിലും ഇരിക്കുന്ന 6.2164 ഹെക്ടർ ഭൂമിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. തൃശ്ശൂർ ജില്ലയിൽ ഒല്ലൂക്കര വില്ലേജിൽ ശ്രീ.വിജയകുമാർ, ശ്രീമതി ശോഭ വിജയകുമാർ എന്നിവരുടെ എന്നിവരുടെ ഉടമസ്ഥതയിലും കരം തീരുവയിലും ഇരിക്കുന്നതും തൃശ്ശൂർ നഗരത്തിനു സമീപത്തായിട്ടുള്ളതും ദേശീയ പാതയിലേക്ക് റോഡ് ബന്ധം നിലവിലുള്ളതും, സമീപത്തായി ജനവാസം ഇല്ലാത്തതുമായ, 6.2164 ഹെക്ടർ ഭൂമി നിർദിഷ്ട വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കെ.എസ്.ഐ.ഡി.സിയുടെ പ്രോജക്ട്

ഡയറക്ടറും വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി നിയമിച്ചിട്ടുള്ള ടെക്നിക്കൽ കൺസൾട്ടന്റും അടങ്ങുന്ന സംഘം നേരിട്ട് സന്ദർശിച്ച് നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതായി കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. പ്രസ്തുത 6.2164 ഹെക്ടർ ഭൂമി വിലയ്ക്ക് വാങ്ങി വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷന് കൈമാറുന്നതിന് തൃശ്ശൂർ കോർപ്പറേഷന് അനുമതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മാലിന്യ സംസ്കരണം സംബന്ധിച്ച സംസ്ഥാന തല ഉപദേശക സമിതി പരാമർശം (4) പ്രകാരം തീരുമാനിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിൽ ഒല്ലൂക്കര വില്ലേജിൽ ശ്രീ.വിജയകുമാർ, ശ്രീമതി ശോഭ വിജയകുമാർ എന്നിവരുടെ ഉടമസ്ഥതയിലും കരം തീരുവയിലും ഇരിക്കുന്ന 6.2164 ഹെക്ടർ ഭൂമി (സർവ്വേ നം. 1043, 147/11/3, 147/11/4, 147/8/3, 147/9/4, 147/12/4, 147/14/1, 147/10/2, 147/10/3) ജില്ലാ കളക്ടർ / ബന്ധപ്പെട്ട റവന്യൂ അധികാരി നിശ്ചയിക്കുന്ന വിലയ്ക്ക് വാങ്ങി വേസ്റ്റ്-റ്റു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷന് കൈമാറുന്നതിന് തൃശ്ശൂർ കോർപ്പറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

മേയർ / സെക്രട്ടറി, തൃശ്ശൂർ മുനിസിപ്പൽ കോർപറേഷൻ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2020.01.14 10:59:43 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്